**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4654** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ ദേവസ്വം ആശുപത്രി നവീകരണത്തിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ ദേവസ്വം ആശുപത്രി നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ; | (എ) | ഉണ്ട്. ആശുപത്രി നവികരണത്തിന്റെ പ്ലാൻ ഡിസ്ട്രിക്ട് ടൗൺ പ്ലാനിംഗ് ഓഫീസിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ നിലവിൽ നൽകിവരുന്ന സേവനങ്ങൾ വിശദമാക്കാമോ? | (ബി) | ക്ഷേത്രത്തിൽ എത്തുന്ന ഭക്തർക്ക് വൈദ്യസഹായം നൽകുവാനായി ഗുരുവായൂർ ദേവസ്വം മെഡിക്കൽ സെൻറർ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട് . അത്യാഹിത വിഭാഗം, ശിശു രോഗ വിഭാഗം, ഇ എൻ ടി, ത്വക്ക് രോഗ വിഭാഗം എന്നിവയും 24 x 7 വ്യവസ്ഥയിൽ ആംബുലൻസ് സേവനങ്ങളും സദാ സന്നദ്ധമാണ്. കിടത്തി ചികിത്സയ്ക്കായി 60 കട്ടിലുകൾ ഉണ്ട്. കുഞ്ഞുങ്ങൾക്കായുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ എല്ലാ ആഴ്ചയും നൽകി വരുന്നുണ്ട്. ചികിത്സാ സേവനങ്ങൾക്കു വളരെ കുറഞ്ഞ നിരക്കുകൾ ആണ് ആശുപത്രിയിൽ ഉള്ളത്. ദരിദ്രരായ രോഗികൾക്കും ദേവസ്വം ജീവനക്കാർക്കും ചികിത്സ സൗജന്യമാണ്. 10 ഡോക്ടർമാരും 15 നഴ്സുമാരും ഉൾപ്പടെ വിവിധ തസ്തികകളിലായി ഏകദേശം 70 ജീവനക്കാർ ആശുപത്രിയിൽ പ്രവൃത്തി ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ